**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3387</u>** **<u>01-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കോന്നി താലൂക്ക് ഓഫീസ് ജീവനക്കാരുടെ കൂട്ടഅവധി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി താലൂക്ക് ഓഫീസിൽ ഭൂമിതരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകളിൽ നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ; | (എ) | കോന്നി താലൂക്ക് ഓഫീസിൽ ഭൂമിതരം മാറ്റുന്നതിനുള്ള 212 അപേക്ഷകളാണ് (ഓൺലൈൻ - 21, ഓഫ് ലൈൻ-191) നാളിതുവരെ ലഭ്യമായിട്ടുള്ളത്. പ്രസ്തുത അപേക്ഷകളിൽ, 210 അപേക്ഷകളിൻമേലുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി താലൂക്ക് ഓഫീസിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; എന്നുമുതലാണ് ഇവരെ ജോലിക്ക് നിയോഗിച്ചത്; ഇപ്രകാരം ജീവനക്കാരെ നിയോഗിച്ചതിനുശേഷം തീർപ്പ കൽപ്പിച്ച അപേക്ഷകളുടെ എണ്ണം എത്രയാണ്; | (ബി) | ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി കോന്നി താലൂക്ക് ഓഫീസിൽ ഒരു ക്ലാർക്കിനെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്. താൽക്കാലിക ക്ലാർക്ക് തസ്തികയിൽ, 2022 ജൂൺ 1 മുതൽ നവംബർ 26 വരെയും, 2022 ഡിസംബർ 26 മുതൽ നാളിതുവരെയും ജോലി ചെയ്തുവരുന്നു.<br><br>ഇപ്രകാരം ജീവനക്കാരെ നിയോഗിച്ചതിനുശേഷം 66 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാർ കൂട്ട അവധിയെടുത്ത് ഉല്ലാസയാത്ര പോയ ദിവസം കോന്നി താലൂക്ക് ഓഫീസിൽ നിന്നും എത്ര പൊതുജനങ്ങൾക്ക് നേരിട്ട് സേവനം നൽകിയിട്ടുണ്ട്; എത്രപേർക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; എന്തൊക്കെ സേവനങ്ങളാണ് നൽകിയത്; വിശദാംശം ഇനം തിരിച്ച് അറിയിക്കുമോ; | (സി) | കോന്നി താലൂക്കിൽ 10/02/2023-ൽ 9 അപേക്ഷകൾ ആണ് നേരിട്ട് ലഭിച്ചത്. (റീസർവ്വെ സംബന്ധിച്ച 5 അപേക്ഷകൾ, പോക്കുവരവ് സംബന്ധിച്ച 1 അപേക്ഷ, വിവരാവകാശ നിയമപ്രകാരമുള്ള 1 അപേക്ഷ, EWS - 1 അപേക്ഷ, മറ്റുള്ളവ - 1 അപേക്ഷ ). ആയവയിന്മേൽ അന്നു തന്നെ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അന്നേ ദിവസം, പതിവ് ജോലികൾക്ക് പുറമെ ഓൺലൈൻ ആയി ഒരു നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, ഒരു പോക്കുവരവും അംഗീകരിച്ച് നൽകിയിട്ടുണ്ട്. സർവ്വെ വിഭാഗത്തിൽ വിവരാവകാശ അപ്പീലിൻമേൽ ഹിയറിംഗിനായി വന്ന കക്ഷിയെ നേരിട്ട് കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത ദിവസം ജീവനക്കാരുടെ കുറവുമൂലം | (ഡി) | പ്രസ്തുത ദിവസം പൊതുജനങ്ങളിൽ ആരെയും |

| | | | |
|---|---|---|---|
| | പൊതുജനങ്ങളിൽ എത്ര പേരെ സേവനം നൽകാതെ തിരിച്ചയച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | | സേവനം നൽകാതെ തിരിച്ചയച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ